# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.416

### 26-04-2017 ൽ മറുപടിക്ക്

**പദ്ധതികൾ അംഗീകരിക്കുന്നതിനുള്ള കിഫ്ബിയിലെ നടപടിക്രമങ്ങൾ**

| ചോദ്യം<br>ശ്രീ. കെ.എം. മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി വഴി നടപ്പാക്കാൻ തീരുമാനിക്കുന്ന പദ്ധതികൾക്ക് കിഫ്ബി പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണ്; | കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ 08.08.2016 ലെ സ.ഉ. (കൈ) നം. 315/16/ധന ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇതിലേക്ക് കിഫ്ബി നിയമം അനുസരിച്ച് എന്തെങ്കിലും സ്കീം തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത്; | 19.8.2016 ലെ 1464 -ാം നമ്പർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നിലവിൽ വന്ന കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (ഭേദഗതി) ആക്ട് അനുസരിച്ച് ഭേദഗതികളോടെ 1999 ലെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് സ്കീം തയ്യാറാക്കി വരുന്നു. |
| (സി) കിഫ്ബി പദ്ധതികൾ ബോർഡ് അംഗീകരിച്ചതിനു ശേഷമാണോ സർക്കാരിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ചേർക്കുന്നത്; ഇല്ലെങ്കിൽ കാരണമെന്ത്; | വാർഷിക ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതോ, സർക്കാർ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ളതോ ആയ പദ്ധതികളുടെ വിശദാംശങ്ങൾ കിഫ്ബിയുടെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം യോഗ്യമായവയെ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. ഇതു |

| | |
|---|---|
| | സംബന്ധിച്ച മാർഗനിർദ്ദേശം 08.08.2016 ലെ സ.ഉ.(കൈ) നം. 315/16/ധന ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) ഭരണഘടനയിലെ ആർട്ടിക്കിൾ 202 അനുസരിച്ച് ഗവർണർ സഭയുടെ മേശപ്പുറത്തുവെച്ച വാർഷിക ധനവിവര പത്രികകളിൽ കിഫ്ബി വഴി നടത്തുന്ന ഏതെല്ലാം പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ; | കിഫ്ബി വഴി ധനസമാഹരണം നടത്തുന്ന പദ്ധതികളുടെ ചെലവ് ആർട്ടിക്കിൾ 202 ന്റെ പരിധിയിൽ വരുന്നതല്ല. |
| (ഇ) കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നത് ആരാണ്; ഡി.പി.ആർ. അനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നതും മേൽനോട്ടം വഹിക്കുന്നതും ആരാണ്; വ്യക്തമാക്കുമോ? | കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പ് നിശ്ചയിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികളോ വകുപ്പ് അംഗീകരിച്ച മറ്റ് അംഗീകൃത ഏജൻസികളോ ആണ്. ഡി.പി.ആർ അനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നതും മേൽനോട്ടം വഹിക്കുന്നതും ബന്ധപ്പെട്ട എസ്.പി.വി കളാണ്. |

**സെക്ഷൻ ഓഫീസർ**